## പെസഹാക്കാലം നാലാം ഞായർ

തിരുസഭ വചനവിചിന്തനത്തിനായി നല്കുന്നത് യോഹന്നാന്റെ വിശുദ്ധ സുവിശേഷം 10: 27–30. നല്ലിടയനായ ദൈവം പരിശുദ്ധാത്മാവിലൂടെ സിനഡാത്മകസഭയുടെ നവീകരണത്തിനായി ഈ പെസഹാക്കാലത്ത് നമ്മെ ഒരുക്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി രൂപതയിലെ എല്ലാ ഇടവകകളിലും ഇന്ന് ഇടവകാസിനഡ് നടത്തുന്നു. സിനഡാത്മകസഭയുടെ നവീകരണം സാധ്യമാക്കാൻ നല്ല ഇടയനായ യേശുനാഥൻ കാണിച്ചുതന്ന കൂട്ടായ്മ പങ്കാളിത്തം പ്രേഷിതത്വം എന്ന പാതകളിലൂടെ നാം സഞ്ചരിക്കണം. ഇന്നത്തെ സുവിശേഷത്തിൽ നല്ലിടയനായ യേശു ദൈവപുത്രനാണെന്ന് പ്രഘോഷിക്കപ്പെടുന്നു. മൂന്ന് പ്രധാന പ്രമേയങ്ങൾ നമുക്ക് ഇവിടെ ദർശിക്കാൻ സാധിക്കും.

**1. പരസ്പരം അറിയുന്ന ഇടയനും ആടുകളും**

■ യേശുവിന് തന്റെ ജനത്തോടുള്ള സ്നേഹവും കരുതലും അവതരിപ്പിക്കാൻ ദൈവപുത്രനായ യേശു ഉപയോഗിച്ച സുന്ദരമായ ഒരു പ്രതീകമാണ് ഇടയനും ആടുകളും. യേശു ഉപയോഗിച്ച ഈ പ്രതീകം തന്നെയാണ് സിനഡാത്മകസഭയുടെ അടിസ്ഥാന പ്രതീകമായി പ്രതിഫലിക്കുന്നത്. ത്രിയേകദൈവത്തിന്റെ സംരക്ഷണത്താൽ നയിക്കപ്പെടുന്ന സിനഡാത്മകസഭ.

■ ക്രിസ്തുവാണ് സിനഡാത്മകസഭയുടെ തലവൻ. പഴയനിയമത്തിലും ഇടയപ്രതീകം വളരെ പ്രധാനപ്പെട്ടതാണ് (സങ്കീ 23: 1, 95: 7). വരാനിരിക്കുന്ന മിശിഹായേയും ഇടയനായി ചിത്രീകരിക്കുന്നു (ഏശയ്യ 40: 11). ഈ പ്രതീകമാണ് പുതിയ നിയമത്തിൽ യേശു പൂർത്തീകരിച്ചത് (മത്താ 9: 36, ലൂക്ക 12: 32, 1 പത്രോ 2: 25)

■ എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. ശ്രവണം ദൈവത്തിന്റെ ഒരു ദാനമാണ്. നല്ലിടയന്റെ ശ്രവണം മുൻവിധികളില്ലാത്തതാണ്. സിനഡാത്മകസഭയിൽ ശ്രവണത്തിന് വലിയ പ്രാധാന്യം ഉണ്ടെന്ന് നല്ലിടയൻ ഇന്നത്തെ വചനത്തിലൂടെ പഠിപ്പിക്കുന്നു. പരസ്പരം മുൻവിധികളില്ലാതെ സ്നേഹത്തോടെ ശ്രവിച്ചാൽ മാത്രമേ നമുക്ക് പരസ്പരം എല്ലാവരെയും അറിയാൻ സാധിക്കുകയുള്ളൂ.

■ ഇടയജീവിതം ആയാസരഹിതമാകുന്നതും ഇടയകൂട്ടത്തിന്റെ സുരക്ഷയ്ക്ക് അടിസ്ഥാനമാകുന്നതും ഈ പരസ്പര അറിവാണ്. ഇടയന് തന്റെ ഓരോ ആടിനേയും അറിയാം. എത്ര കൂട്ടമാണെങ്കിലും ഒന്ന് കുറവായാൽ അത് ഇടയന് അറിയാൻ സാധിക്കും. അതുപോലെ ആടുകളെപ്പോഴും ഇടയനിൽ നിന്ന് വലിയ അകലത്തിലാകാതിരിക്കാൻ ശ്രദ്ധിക്കുന്നു. ഇടയന്റെ തങ്ങൾക്കായുള്ള ഓരോ വിളിയും എന്തിനാണെന്നും ആ വിളിക്കനുസരിച്ച് തങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നതെന്താണെന്നും അവയ്ക്ക് നന്നായറിയാം. വീഴ്ച കൂടാതെ ഉടനെ അത് അനുസരിക്കാനും അവ തയ്യാറാകുന്നു. കാഴ്ചക്കാർക്ക് അതിശയം തോന്നുന്നതാണ് ഇവരുടെ പര്സ്പര ബന്ധം. ഈ അറിവിൽ നിന്നും ബന്ധത്തിൽ നിന്നും ഉടലെടുക്കുന്നതാണ് സിനാത്മക സഭ.

■ ഇന്ന് ഇടവക സിനഡ് നടക്കുമ്പോൾ ക്രിസ്തുനാഥൻ എപ്രകാരമാണോ നമ്മെ ശ്രവിച്ചത്, അപ്രകാരം മുൻവിധികളില്ലാതെ ശ്രവിക്കാനും മനസിലാക്കാനും നമുക്ക് സാധിക്കട്ടെ.

■ നീ സിനഡാത്മകസഭയുടെ അംഗമാണോ? ആ സഭയിൽ നീ സുരക്ഷിതനാണോ എന്ന് തിരിച്ചറിയുന്നത് എങ്ങനെ? നീ അവന്റെ സ്വരം കേൾക്കുന്നെങ്കിൽ, പരിശുദ്ധാത്മാവിനെ അനുസരിക്കുന്നെങ്കിൽ, അവന്റെ പിന്നാലെ പോകുന്നെങ്കിൽ നീ സിനഡാത്മകസഭയിലെ അംഗമാണ്. അനുസരണയാണ് ആടിനെ ഇടയകൂട്ടത്തിൽ നിലനിർത്തുന്നത്. അല്ലെങ്കിൽ വഴി തെറ്റാനും അപകടങ്ങളിൽ പെടാനും വന്യജീവികൾക്ക് ഇരയായിത്തീരീനും ഇടയാകും (യോഹ 10: 4–5).

**2. തന്റെ ആടുകളെ ആർക്കും ഒന്നിനും വിട്ടുകൊടുക്കാത്ത നല്ലിടയൻ**

■ സിനഡാത്മകത കൂടെ നടക്കലാണ്. നല്ലിടയനെപ്പോലെ ആരെയും നഷ്ടപ്പെടുത്താതെ, മാറ്റിനിർത്താതെയുള്ള, ഒരനർഥങ്ങൾക്കും വിട്ടുകൊടുക്കാതെയുള്ള ത്രിത്വൈക ദൈവത്തിന്റെ തണലിൽ ഒരുമിച്ചുള്ള വിശുദ്ധ സഞ്ചാരം.

■ യേശു പറയുന്നു: എന്റെ ആടുകൾക്ക് ഞാൻ നിത്യജീവൻ നല്കുന്നു. അവ ഒരിക്കലും നശിച്ചുപോകുകയില്ല. അവയെ എന്റെ അടുക്കൽ നിന്ന് ആരും പിടിച്ചെടുക്കുകയില്ല. സിനഡാത്മകസഭ നിത്യജീവന്റെ കൂദാശയാണ്. നല്ലിടയൻ നല്കുന്ന ഈ നിത്യജീവൻ സഭയിലൂടെ മാത്രമേ നമുക്ക് സ്വായത്തമാക്കാൻ സാധിക്കുകയുള്ളൂ.

■ ഇടയൻ ആടുകളെ സംരക്ഷിക്കുന്നതുപോലെ യേശു തനിക്കുള്ളവയെ സംരക്ഷിക്കുന്നു. സിനഡാത്മകസഭയെ നയിക്കുന്നതും സംരക്ഷിക്കുന്നതും പരിശുദ്ധാത്മാവായ ദൈവമാണ്. ഈ ദൈവം നല്കുന്നത് നിത്യമായ സംരക്ഷണമാണ്. പൈശാചിക ശക്തികൾക്ക് നമ്മെ പിടിച്ചെടുക്കാനും നശിപ്പിക്കാനും കഴിയുകയില്ല.

■ നല്ലിടയനായ യേശുവിനെ അനുഗമിക്കാൻ തയ്യാറാകുന്നെങ്കിൽ നമുക്ക് അവിടുന്ന് നിത്യജീവൻ

നല്കും. നിത്യമായ സുരക്ഷയും സംരക്ഷണവും ലഭിക്കും. ഇടയന്റെ സംരക്ഷണത്തിലായിരിക്കുന്ന വിശ്വാസി ഒരിക്കലും നഷ്ടപ്പെട്ടുപോകുകയില്ല (യോഹ 6: 37–39).

■ ലോകത്തിന്റെ സുഖങ്ങൾക്കോ പിശാചിന്റെ കുടില തന്ത്രങ്ങൾക്കോ വിട്ടുകൊടുക്കാതെ എല്ലാവരെയും കൂട്ടായ്മയിലും പങ്കാളിത്തത്തിലും പ്രേഷിതത്വത്തിലും ത്രിയേക ദൈവത്തിൽ ഒരുമിച്ചു കൂട്ടുകയാണ് ഇടവകാ സിനഡ്.

**3. പിതാവിനോട് ചേർന്ന് ആടുകളെ സംരക്ഷിക്കുന്ന നല്ലിടയൻ**

■ തന്റെ ദൈവികതയെക്കുറിച്ച് വ്യക്തമായ ഒരു പരാമർശമാണ് യേശുനാഥൻ നടത്തുന്നത്. ''ഞാനും പിതാവും ഒന്നാണ്'' (യോഹ 10: 30) എന്നു പറഞ്ഞാൽ താനും ദൈവവും തുല്യനാണ്. ഈ പെസഹാക്കാലത്ത് ഇടവകാ സിനഡിന്റെ നിറവിൽ ക്രിസ്തു ഉത്ഥാനം ചെയ്ത ദൈവമാണ് എന്ന സത്യം കൂടുതൽ ഉറപ്പിക്കേണ്ട, നവീകരിക്കേണ്ട ഒരു സമയമാണ് സിനഡിന്റെ പാത.

■ പിതാവായ ദൈവം യേശുവിനു കൊടുക്കുന്ന സമ്മാനമാണ് അജഗണം. നമ്മുടെ ശ്രമത്താലോ യോഗ്യതയാലോ അല്ല നാം യേശുവിന്റെ വിശ്വാസത്തിൽ എത്തിച്ചേർന്നത്. ''എന്നെ അയച്ച പിതാവ് ആകർശിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കൽ വരാൻ സാധിക്കുകയില്ല'' (യോഹ 6: 44). പിതാവ് പുത്രനെ ഏല്പിച്ചതുകൊണ്ട് യേശുവിനെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ് ഇടയഗണം. ഈ അജഗണത്തെ ദൈവത്തോട് ചേർത്തുനിർത്തി സഹായകനായ പരിശുദ്ധാത്മാവിനെ അയച്ച് നയിക്കുന്നു. ഈ നയിക്കപ്പെടുന്ന സഭ സിനഡാത്മകമാണ്.

■ ത്രിയേക ദൈവത്തിന്റെ കൂട്ടായ്മയും പങ്കാളിത്തവും പ്രേഷിതത്വവും മാതൃകയാക്കാം ഇടവകാ സിനഡിനായി.